# കിരണങ്ങൾ

## ലിറ്റിൽകൈറ്റ്സ് ഐ.ടി.ക്ലബ്ബ്

### കെ.ആർ.എച്ച്.എസ്.എസ്.പുറമേരി

2019-20



# സർഗകാന്തിയുടെ ഡിജിറ്റൽ രൂപം

വിദ്യാർത്ഥികളിലെ സർഗഭാവന ഇതൾ വിരിയുന്നതിന്റെ മനോഹാരിത പുറമേരി കടത്തനാട് രാജാസ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽകൈറ്റ്സ് ക്ലബ്ബ് തയ്യാറാക്കിയ കിരണങ്ങൾ എന്ന ഈ ഡിജിറ്റൽ മാഗസിനിൽ കാണാൻ കഴിയും.ഭാവനയുടെയും ചിന്തയുടെയും വിശാലഭ്രമികയിലേക്ക് പറന്നുയരാൻ കൊതിക്കുന്ന പുതുതലമുറയുടെ ഹൃൽസ്പന്ദനം നമുക്ക് തൊട്ടറിയാനാവും.

## ഉള്ളടക്കം

# ആരും പറയാത്ത കഥ

## ഹൃദ്യ ഗണേഷ്

അമ്മു എന്നൊരു അഞ്ചു വയസ്സുകാരി പെൺകുട്ടി.ഒരു നാട്ടിൻപുറത്ത് ജനിച്ചുവളർന്ന അവൾ തന്റെ മുത്തശ്ശിയുടെ കൂടെയാണ് താമസം.അവളെ അച്ഛനും അമ്മയും അവൾ ജനിച്ചയുടെ അവളെ മുത്തശ്ശിയുടെ കൈകളിൽ ഏൽപ്പിച്ച് വിദേശത്തേക്ക് പറന്നു. മുത്തശ്ശിയുടെകൂടെ വളർന്ന അവൾക്ക് മുത്തശ്ശി ചൊല്ലുന്ന കഥകളും നാടൻപാട്ടുകളും എല്ലാം വളരെ ഇഷ്ടമാണ്.ഉറങ്ങാൻ കിടന്നാൽ മുത്തശ്ശിയുടെ കഥകൾ കേൾക്കാതെ അവൾ ഉറങ്ങില്ല.എല്ലാ ദിവസവും വേറെ വേറെ കഥകൽ മുത്തശ്ശി അവൾക്ക് പറഞ്ഞുകൊടുക്കും.മുത്തശ്ശി പറയുന്ന കഥകൾ അവൾ അടുത്ത ദിവസം തന്നെ മരത്തിലെ കിളികളോടും തൊഴുത്തിലെ പശുക്കളോടുമെല്ലാം പറഞ്ഞുകൊടുക്കുമായിരുന്നു.ഒരു ദിവസം മുത്തശ്ശി അവൾക്ക് ഒരു കഥ പറഞ്ഞുകൊടുത്തു.വളരെ മനോഹരമായ ഒരു കഥ.ആരും പറയാത്ത കഥ.

ഒരു വലിയ കാട്ടിലെ ഒരു വലിയ മുത്തശ്ശി മരത്തിൽ ഒരു മഞ്ഞക്കിളിയും കുഞ്ഞിക്കിളിയും താമസിച്ചിരുന്നു.ഒരു ദിവസം കുഞ്ഞിക്കിളി മഞ്ഞക്കിളിയോടു ചോദിച്ചു."അമ്മേ ഞാൻ പാടത്ത് കളിക്കാൻ പൊക്കോട്ടേ?” “വേണ്ട കുഞ്ഞിക്കിളീ..മനുഷ്യൻ നിന്നെ കൊന്നുകളയും.മാത്രമല്ല, ഇപ്പോൾ അവിടെ പാടമൊന്നുമില്ല.”മഞ്ഞക്കിളി പറഞ്ഞു. "അമ്മേ മനുഷ്യർ നമ്മെ എന്തുചെയ്യാനാ.. അതുമല്ല പാടം എവിടെ പോയി?”കുഞ്ഞിക്കിളി ചോദിച്ചു.മകളേ നിനക്കറിയാഞ്ഞിട്ടാ..മനുഷ്യർ ഒന്നും പണ്ടുകാലത്തുള്ളതുപോലെ മരങ്ങളെയും കിളികളെയും ഭൂമിയെയും സ്നേഹിക്കുന്നില്ല.അവയെ എല്ലാം എങ്ങനെ നശിപ്പിക്കാമെന്നും ഭൂമിയെ പച്ചപ്പില്ലാതെ കെട്ടിടക്കൂമ്പാരമാക്കി മാറ്റുന്നതെങ്ങനെ എന്നും മാത്രം ചിന്തിച്ചുനടക്കുന്ന ഒരുകൂട്ടം ക്രൂരന്മാരാണ്.അമ്മക്കിളിയുടെ സംസാരം കേട്ട് കുഞ്ഞിക്കിളിക്ക് സങ്കടം വന്നു. അവൾ ചോദിച്ചു :അമ്മേ അപ്പോൾ ആ പാടം? മക്കളേ ആ പാടവും മനുഷ്യർ മണ്ണിട്ടുമൂടി.അമ്മേ ആ പാടം മൂടാനും മാത്രം മണ്ണ്

**അവർക്ക് എവിടെ നിന്നും കിട്ടി? മകളേ അവർ ആദ്യം കുന്നുകളും മലകളും ഇടിച്ചുനിരത്തും.ശേഷം ആ മണ്ണുകൊണ്ട് പാടങ്ങളും പുഴകളും മറ്റ് ജലസ്രോതസ്സുകളും മണ്ണിട്ടു മൂടും.ശേഷം അവിടെ എണ്ണിയാൽ തീരാത്ത കെട്ടിടങ്ങൾ നോക്കിയാൽ കാണാത്ത ഉയരത്തിൽ പണിയും.അവർക്ക് അവരുടെ സ്വാർത്ഥ താത്പര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ച് നശിപ്പിക്കുകയാണ്.അവർ ഇന്നുചെയ്യുന്ന തെറ്റായപ്രവർത്തനങ്ങൾക്ക് നാളെ ഒരു നല്ല തിരിച്ചടി ലഭിക്കുന്നതായിരിക്കും.ഭൂമിയുടെ വില അന്നവർക്ക് മനസ്സിലാകും.ഭൂമിയുടെ തിരിച്ചടികൾ അവർ മറ്റുചില കാരണങ്ങളിൽ പറഞ്ഞൊതുക്കുകയാണ്.**

**" മകളേ നമ്മൾതന്നെ എന്നു മരിക്കും എത്ര കാലം വരെ ജീവിക്കും എന്ന് ആർക്കും മനസ്സിലാകുന്നില്ല.നമ്മൾ ശ്രദ്ധിച്ചിരുന്നാൽ കുറച്ചുകാലം കൂടി നമുക്കുജീവിക്കാം."**
**"അമ്മേ അമ്മ പറഞ്ഞു വരുന്നത് നമ്മുടെഭൂമി മരിക്കുകയാണ് എന്നാണോ?" " അതേ മകളേ,നമ്മുടെ ഭൂമി നശിക്കുകയാണ്."**

**മുത്തശ്ശി കഥ പറഞ്ഞുനിർത്തിയപ്പോൾ കണ്ണുകൾ നിറച്ചുകൊണ്ട് അമ്മു ചോദിച്ചു :"മുത്തശ്ശീ...മുത്തശ്ശീ.. എന്തുകൊണ്ടാണ് ഇത്രയും സന്ദേശം നൽകുന്ന കഥയ്ക്ക് "ആരും പറയാത്ത കഥ" എന്നു പേരിട്ടത്?"**

**"അത് എന്തുകൊണ്ടാണെന്നു വച്ചാൽ ഈ ഭൂമിയുടെ കഥ ആരും പറയുന്നില്ല..ആരും മനസ്സിലാക്കുന്നില്ല.അതുകൊണ്ടുതന്നെയാണ് മുത്തശ്ശി ഈ കഥയ്ക്ക് "ആരും പറയാത്ത കഥ" എന്നു പേരിട്ടത്"**

**അമ്മു കണ്ണുകൾ തുടച്ചുകൊണ്ട് മുത്തശ്ശിയെ കെട്ടിപ്പിടിച്ച് ഉറങ്ങി.**

# ഒറ്റപ്പെടൽ

## ദേവിക

തനിച്ചിരിക്കുകയാണ് ഞാനിന്ന്
തനിച്ചായതല്ല,തനിച്ചാക്കിയതാണ് ചിലർ
സൂര്യകിരണങ്ങൾ പോലിന്നും
മറയ്ക്കുകയാണെൻ മിഴികളെ
ആ ഓർമ്മകൾ.....
മറന്നെന്ന മൊഴികളിൽ തെളിയുന്ന എന്നാൽ
അവാച്യമായത് എങ്ങോ നിൽപ്പുണ്ട്.
നിലാവിൻ നിറമന്ന് ഉള്ളിലെ മുഖമായിരുന്ന
ഇന്ന് ചോദിച്ചു ആ നിലാവ് എന്നോടായ്
ഓർക്കുന്നുവോ നീ അതെന്ന്
പറയുവാനിന്ന് ഒന്നേയുള്ളു
മറന്നിട്ടു വേണ്ടേ.....!
ചില മോഹങ്ങൾ നടക്കാറില്ല
ചില സത്യങ്ങൾ ആരും അറിയാറില്ല
ചില ചോദ്യങ്ങൾക്ക് ഉത്തരങ്ങളുമില്ല
എന്നാൽ കാണാക്കണക്കിൻ കളങ്ങളിൽ
കണ്ണുനീർ ഇന്നും ബാക്കി !
സ്നേഹിക്കണമെന്ന് വാശിയില്ല
സ്നേഹിക്കപ്പെടണമെന്ന് ആഗ്രഹവുമില്ല
ദിശമാറി ഒഴുകിയ നീയാം പുഴയുമായി ചേർന്ന്
കടലായി മാറാൻ കൊതിച്ച കുഞ്ഞരുവിയായിരുന്ന ഞാൻ
ചോദിച്ച് പോവുകയാണ് ഞാനിന്ന്
ഈ കുഞ്ഞരുവിയെ കണ്ടപ്പോൾ
ദിശമാറി ഒഴുകിയതല്ലേ...നീ..?

# ഭക്ഷ്യസുരക്ഷാ സൂചിക
# കേരളം ഒന്നാം നിലയിൽ

## എം.ജെ.എൻ

സുരക്ഷിതമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനങ്ങളുടെ പ്രവർത്തനം അളക്കുന്നതിനായി ദേശീയതലത്തിൽ തയ്യാറാക്കിയ സംസ്ഥാന ഭക്ഷ്യസുരക്ഷാസൂചികയിൽ കേരളം ഒന്നാം നിരയിലെത്തി. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള ഫുഡ്സേഫ്റ്റി ആൻഡ് സ്റ്റാൻ ഡാർഡ്സ്അതോറിറ്റി ഓഫ് ഇന്ത്യയുടെ ആദ്യ ഭക്ഷ്യസുരക്ഷാ സൂചികയാണിത്.

ഭക്ഷ്യസുരക്ഷയുടെ വിവിധ മാനദണ്ഡങ്ങളിൽ 75 ശതമാനത്തിൽ കൂടുതൽ സ്കോർ ചെയ്ത കേരളം ഏഴ് സംസ്ഥാനങ്ങളിൽ ഒന്നാം നിരയിലുള്ളത്. ഗോവ,ഗുജറാത്ത്,മഹാരാഷ്ട്ര, ചണ്ഡീഗഢ്, കേരളം,മധ്യപ്രദേശ്,തമിഴ്നാട് എന്നിവയാണ് ഭക്ഷ്യസുരക്ഷ സൂചികയിൽ 75 ശതമാനത്തിൽ കൂടുതൽ സ്കോർ ചെയ്ത സംസ്ഥാനങ്ങൾ.ഡൽഹി,ജമ്മുകാശ്മീർ,പഞ്ചാബ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ 60 ശതമാനത്തിൽ കൂടുതൽ സ്കോർ നേടി
തൊട്ടുപിന്നിലുണ്ട്.

2018 ഏപ്രിൽ ഒന്നു മുതൽ 2019 മാർച്ച് 31 വരെയുള്ള
കാലയളവിൽ സംസ്ഥാനങ്ങളുടേയും കേന്ദ്രഭരണ പ്രദേശങ്ങളുടേയും ഭക്ഷ്യസുരക്ഷ സംബന്ധിച്ച അഞ്ച് മാനദണ്ഡങ്ങൾ വിലയിരുത്തിയാണ് ഭക്ഷ്യസുരക്ഷാ സൂചിക തയ്യാറാക്കിയത്.മാനവവിഭവശേഷി,സ്ഥാപനക്രമീകരണം,ഭക്ഷ്യപരിശോധന,ഫലപ്രദമായപാലനം,അടിസ്ഥാനസൗകര്യം,നിരീക്ഷണം,പരിശീലനവും ശേഷിയും വർധിപ്പിക്കാൻ ഉപഭോക്തൃശാക്തീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചത്.

ഭക്ഷ്യസുരക്ഷ, അടിസ്ഥാന സൗകര്യം, നിരീക്ഷണം
എന്നിവയിൽ കേരളം മികച്ച പ്രകടനമാണ് കാഴ്ച വച്ചത്.

# നിങ്ങൾക്കറിയാമോ ?

1.ഇംഗ്ലണ്ടിലെ ജോർജ്ജ് അഞ്ചാമൻ രാജാവിൻെറയും മേരി രാജ്ഞിയുടെയും ഇന്ത്യാസന്ദർശനത്തിൻെറയും സ്മരണാർത്ഥം നിർമ്മിക്കപ്പെട്ട സ്മാരകം ഏതാണ്?

2.ഇൻഷുറൻസ് റെഗുലേറ്ററി ആൻറ് ഡവലപ്മെൻറ് അതോറിറ്റി സ്ഥി
തി
ചെയ്യുന്നത് എവിടെയാണ്?

3.ദത്തവകാശനിരോധന നിയമപ്രകാരം ബ്രിട്ടീഷുകാർ പിടിച്ചെടുത്ത ആദ്യത്തെ നാട്ടുരാജ്യം ഏതാണ്?

4.കോൺഗ്രസ്സ് അധ്യക്ഷ സ്ഥാനത്തെത്തിയ രണ്ടാമത്തെ വിദേശീയ വനിത ആരാണ്?

5.പത്മഭൂഷൺ നേടിയ ആദ്യ മലയാള കവി ആരാണ്?

6.ഏതു രോഗത്തെയാണ് ബ്ലാക്ക് വാട്ടർ ഫീവർ എന്നു വിളിക്കുന്നത്?

7.ഭൂമിയുടെ ഏറ്റവും തെക്കേയറ്റത്തെ വൻകര ഏതാണ്?

8.ഷോളയാർ അണക്കെട്ട് ഏതുനദിയിലാണ് സ്ഥിതിചെയ്യുന്നത്?

9.ദണ്ഡിമാർച്ച് വേളയിൽ ഗാന്ധിജിയും അനുയായികളും ആലപിച്ചിരുന്ന ഗാനം ഏതാണ്?

10.പബ്ലിക് റിലേഷൻസിൻെറ പിതാവ് എന്നു വിശേഷിപ്പിക്കപ്പെടുന്നത് ആരാണ്?

11.ഇന്ത്യയിൽ ഇംഗ്ലീഷുകാർ പണിത സെൻറ് ജോർജ്ജ് കോട്ട എവിടെയാണ്?

12.1857-ലെ കലാപത്തെ ശിപായി ലഹള എന്നു വിശേഷിപ്പിച്ച ബ്രിട്ടീഷ് എഴുത്തുകാരൻ ആരാണ്?

13.കേരളത്തിലെ കാശ്മീർ എന്നറിയപ്പെടുന്ന പ്രദേശം ഏതാണ്?

14.ഏതു രാജ്യത്തിൻെറ കറൻസിയായിരുന്നു മാർക്ക്?

15.സിഗരറ്റ് ലാമ്പുകളിൽ ഉപയോഗിക്കുന്ന വാതകം ഏതാണ്?

16.നളന്ദ സർവകലാശാല സ്ഥാപിച്ച പ്രാചീന ഭരണാധികാരി ആരാണ്?

17.ഇന്ത്യൻ ദേശീയതയുടെ പിതാവ് എന്ന വിശേഷിപ്പിക്കപ്പെടുന്നത് ആരാണ്?

18.ഏറ്റവും പഴക്കമുള്ളതും ഇപ്പോൾ നിലനിൽക്കുന്നതുമായ ഇൻഷുറൻസ് കമ്പനി ഏതാണ്?

19.ആരൊക്കെത്തമ്മിലായിരുന്ന വാണ്ടിവാഷ് യുദ്ധം നടന്നത്?

20.ജാലിയൻ വാലാബാഗ് സംഭവം നടക്കുമ്പോൾ ഇന്ത്യയിലെ  വൈസ്രോയി ആരായിരുന്നു?

21.കേരളത്തിൽ റബ്ബർ ഗവേഷണകേന്ദ്രം സ്ഥിതിചെയ്യുന്നത് എവിടെയാണ്?

22.ക്രിക്കറ്റിൻെറ മെക്ക എന്നറിയപ്പെടുന്ന സ്റേറഡിയം ഏതാണ്?

23.ക്ളോറോഫോം കണ്ടുപിടിച്ചതാരാണ്?

24.കാട്ടുമരങ്ങളുടെ ചക്രവർത്തി എന്നറിയപ്പെടുന്ന വൃക്ഷം ഏതാണ്?

25.ഇന്ത്യയുടെ വജ്രം എന്നറിയപ്പെട്ടിരുന്ന ദേശീയ നേതാവ് ആരാണ്?

26.ഡച്ച്  ഈസറ്റിന്ത്യാ കമ്പനിയുടെ  ആസ്ഥാനം എവിടെയായിരുന്നു?

27.ഏതു കാർഷിക വിളയുടെ സങ്കരയിനം വിത്താണ് കാർത്തിക?

28.ഗോൾഡൻ ഗ്ലോബ് പുരസ്കാരം ഏതുമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

29.സോഡാവെള്ളത്തിലടങ്ങിയിരിക്കുന്ന ആസിഡേതാണ്?

30.ഇന്ത്യയുടെ കുമിൾനഗരം എന്നറിയപ്പെടുന്നത് ഏതാണ്?

31.ഇന്ത്യയുടെ ഋതുരാജൻ എന്ന് ടാഗ്ഗർ വിശേഷിപ്പിച്ചത് ആരെയാണ്?

32.ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിക്കപ്പെടുമ്പോൾ ഇന്ത്യയിലെ ഭരണാധികാരി ആരായിരുന്നു?

33.ഇന്ത്യൻ ഒളിമ്പിക് ടീമിനെ നയിച്ച ആദ്യ വനിത ആരാണ്?

34.ലോകത്തെ ഏറ്റവും പഴക്കം ചെന്ന അസുഖമായി കണക്കാക്കുന്ന രോഗമേതാണ്?

35.ഒരു കിലോഗ്രാം സ്വർണം എത്ര പവനാണ്?

36.ഏറ്റവും സാന്ദ്രതയേറിയ അലോഹം ഏതാണ്?

37.ഗുഹകളിൽ താമസിക്കുന്ന കേരളത്തിലെ ആദിവാസി വർഗം ഏതാണ്?

38.ബട്ടാവിയ എന്ന പേരിലറിയപ്പെടുന്ന നഗരം ഏതാണ്?

39.ക്വിക്ക് സിൽവർ എന്നറിയപ്പെടുന്ന ലോഹം ഏതാണ്?

40.മൊബൈൽ ഫോൺ ബാറ്ററിയുടെ ചാർജ് എത്രയാണ്?

41.ഇന്ത്യൻ പത്രപ്രവർത്തനത്തിൻെറ വന്ദ്യവയോധികൻ എന്നറിയപ്പെടുന്നത് ആരാണ്?

42.ന്യൂട്രോണില്ലാത്ത ആറ്റമുള്ള മൂലകം ഏതാണ്?

43.യൂറോപ്പിലെ ഏറ്റവും നീളം കൂടിയ നദി ഏതാണ്?

44.ശാന്തസമുദ്രത്തിന് ആ പേരുനൽകിയ പര്യവേഷകൻ ആരാണ്?

45.ഏറ്റവും ഭാരം കുറഞ്ഞ ലോഹം ഏതാണ്?

46.പിങ്പോങ് എന്നറിയപ്പെടുന്ന കായികയിനം ഏതാണ്?

47.ഉരുക്കുനിർമ്മിക്കാൻ ഉപയോഗിക്കുന്ന ലോഹം ഏതാണ്?

48.നടികർതിലകം എന്നറിയപ്പെടുന്നത് ആരാണ്?

49.കേരളസർക്കാരിൻെറ സുകൃതം പദ്ധതി ഏതു രോഗവുമായി ബന്ധപ്പെട്ടതാരാണ്?

50.ഒന്നേകാൽ കോടി മലയാളികൾ-ആരുടെ ഗ്രന്ഥമാണ്?

# മഴ പെയ്യുമ്പോൾ

അമയസുനിൽ

ആകാശമാകെ ഇരിണ്ടു
മേഘങ്ങൾ ഒക്കെ കരഞ്ഞു
ഭൂമിയിൽ ഇതാ ഒരു മഴക്കാലം കൂടി
മഴ പെയ്യുന്നു മഴ പെയ്യുന്നു
രാത്രിയുടെ നിശബ്ദതയിൽ
ഒരു അശബ്ദമായി മഴപെയ്യുമ്പോൾ
രാത്രിയുടെ നിശബ്ദത മഴയിൽ
അലിഞ്ഞു പോകുന്നു
കാണാൻ കൊതിക്കുന്ന ഇണ-
കിളികൾ കാണാത്തെ മഴയുടെ
സൗന്ദര്യം ആസ്വദിക്കുന്നു
മഴനിൽക്കുമ്പോൾ മഴയെ നീ
പെയ്യുക പെയ്യുക എന്നു പാട്ടുന്നു
മേഘമേ നീ കരയുമ്പോൾ അത്
മഴയായി പെയ്യുന്നു
ആകാശത്തിലെ  നീല നിറത്തെ
നീ കാമുകിലായി മാറ്റുന്നു
മഴയെ നീ പെയ്യുമ്പോൾ ഞാൻ
അതിൽ അലിയുന്നു
ഞാൻ അതിനെ ആസ്വദിക്കുന്നു...

# THE GIRL WHO LOVE TEDDY BEAR

Niranjana

*Once upon a time,lived a girl named Marry. She loved teddy bears and used to do anything with it. She had a box full of teddy bears.And one was a giant teddy bear which her Dad gifted her on her 5th birthday. So she named it her Dad's name , John. Marry had a friend named Diya,but Diya was jealous of Marry and she didn't knew it. Marry's teddy John had some magical powers but only her parents knew it. John showed some tricks to fool Marry but she didn't knew her favourite teddy was doing that all. One day Diya went to the town fair knewing that there was a witch tent inside it. Diya told the witch that you need to trap marry , the daughter of the chef John . She told that marry loved teddy bears . The witch promised Diya that she will trap Marry . One sunny day on summer vaccation , Marry went to the fair and saw a huge teddy bear giving as the prize for catch all the fishes in the fish game. Marry took her teddy bear to the fair . The witch had a magical teddy in her house. But the teddy refused to joined her because he doesn't want to become bad.So, like Diya told the witch , she took that teddy and gave some bad magical powers and put him in the catch all the fishes. This teddy's name was Ken. Ken and John was best friends for a long time, but when Ken was trapped by the witch,they two went in two ways.So when John saw Ken, he under stood that the witch had done something on Ken.So when Marry won the game she got the Ken and he told*

*everything to John, that now onwards she will starts to fall down, her tooth will fall of , her teddy is will be missing etc...So John*

*spelled a magical spell and these all things happened to Diya. John knew that Diya is jealous of Marry and always did somethings to trap Marry. John showed some proves but Marry didn’t understand it. And after the bad things happened to Diya,she came and said sorry to Marry and john and Ken started talking to Marry that what had happened. Then Diya told from here onwards ,we four are best friends forever . They all said Hooray . And they lived happily ever after...*

***The End…***

# മഴപെയ്തരാത്രിയിൽ

## സ്നേഹ.വി

ഇടിയും മിന്നലുമുണ്ട് ഇടിവെട്ടി മഴപെയ്യുകയാണ്.ആ സെമിത്തേരിൽ അവൾ മാത്രം,ഡാഡിയും മമ്മിയും മരിച്ച പോയ ആ പെൺകുട്ടി മരിച്ചവീട്ടിൽ ഇങ്ങനെ ഇരിക്കുകയാണ്

.അനാഥയായ അവൾക്ക് വളർത്തമ്മയും വളർത്തച്ഛനും അവരുടെ രണ്ടുമക്കളും ചേർന്ന് അവളെ ദത്തെടുത്തു. ദത്തെടുത്തതിനു ശേഷം അവൾ അവിടുത്തെ മകളല്ല.വീട്ടുജോലിക്കാരിയാണ്.പുലർച്ചെയഞ്ചു മണിക്ക് എഴുന്നേറ്റാൽ വൈകുന്നേരം ആറുമണിവരെ അവരുടെ വസ്ത്രവും അവൾക്ക് കഴിക്കാനുള്ള ഭക്ഷണവും ഉണ്ടാക്കണം. എന്നാൽ ആ പെൺകുട്ടിയായ അനുവിൻെറ ജീവിതം അടുക്കളമുറികളിലും അടുപ്പുതണയിലുമായിരുന്നു. അവൾക്കുള്ളിൽ ആരോടും പറയാത്തകഥകൾ ഉണ്ടായിരുന്നു.അനു ആരോടും

പറയാത്ത കഥകളുണ്ടായിരുന്നു.(തുടർച്ച...)

....2 വർഷത്തിനുശേഷം.

***അവൾ ഇപ്പോൾ പ്രായപൂർത്തിയായ ഒരു നല്ല മാലാഖയാണ്.അവൾ വിദ്യാഭ്യാസം പൂർത്തിയാക്കിട്ടില്ല.അമ്മ മരിച്ചിട്ട് 13 വർഷമായ്.വൈകുന്നേരമായാൽ അവൾ ഉറങ്ങുന്നതും അവളുടെ ആരും പറയാത്ത കഥകൾ അവൾ ഡാഡിയോടും മമ്മിയോടും പറഞ്ഞു.ചിലപ്പോൾ അവളുടെ കഥ പറയുമ്പോൾ അറിയാതെ ചിലതൊക്കെ ഓർത്ത് അവൾ കരയാൻ തുടങ്ങും.അവളെ ഒന്ന് സമാധാനമാക്കാനും ആശ്വാസം പകരാനും ഡാഡിയുമില്ല മമ്മിയുമില്ല.അവൾ അപ്പോളാണ് ഓർത്തത്,എന്റെ മമ്മി എപ്പോഴും പറയുമായിരുന്നു നല്ലവരും സത്യസന്ധമായ ആളുകളെയുമാണ് ദൈവം പെട്ടെന്ന് വിളിക്കുന്നത്. തന്നെ എന്താണ് മമ്മിയും ഡാഡിയും വിളിക്കാത്തത് ? അവൾ ആലോചിച്ചു. മിണ്ടിയും പറഞ്ഞും അവൾ മമ്മിയുടെ മടിയിൽ തലവെച്ച് കിടന്നുറങ്ങി. മരണത്തിനെ മുന്നിൽ കണ്ട് അവൾ ഓരോ ദിനവും കഴിച്ചുകൂട്ടി.അവൾ ഈ ലോകത്തിൽ നിന്ന് എന്നന്നേക്കുമായി***

***വിടപറഞ്ഞു.***

- ## കടൽ പാടുന്നു

നന്ദന ബി പ്രേം

ഓർമ്മയുടെ ആ കാലങ്ങൾ
ഞാനിന്നിതാ ഓർക്കുന്നുവല്ലോ
പുഴകൾ നിറഞ്ഞൊഴുകിയൊഴുകി
ഞാനിന്നിതാ വൻ കടലായിരിക്കുന്നു.
ഒത്തിരിയൊത്തിരി തിരമാലകൾ ചേർന്നു
ഞാനൊരു വൻ കടലായേ......
പലവിധം   മീനുകൾ
വന്നെന്നിൽ താമസിച്ചല്ലോ,
സങ്കടങ്ങൾ  മറക്കുവാനും
സന്തോഷങ്ങൾ പങ്കിടുവാനും
പലരും ഇന്നും എന്നും
എന്റെയടുക്കൽ  വരുന്നു.
കുട്ടികൾ  കളിക്കാനും
ഉത്സാഹിക്കാനുമൊക്കെ വരുന്നു.
ഞാൻ   എത്ര  പേർക്ക്
സന്തോഷങ്ങൾ  നൽകുന്നല്ലോ
പക്ഷേ ഒരു ദു:ഖം എനിക്ക്
ആരും എന്റെ അടുത്തേക്ക്
അധികം വരാറില്ലെന്നു മാത്രം.
എന്റെ സുന്ദരമായ തിരമാലകളെ
അവർ ഭയക്കുന്നുവല്ലോ
ആ തിരമാലകളുടെ പാട്ടിന്റെ
ഈണത്തിൽ നാമെല്ലാം

വിസ്മരിക്കുന്നുവല്ലോ സന്തോഷവരായി.

തീർന്ന ഞാനിന്ന് സങ്കടങ്ങൾ

ഓരോന്നായി അറിയുന്നുവല്ലോ...

പ്ലാസ്റ്റിക്കുകളും മറ്റും

വലിച്ചെറിഞ്ഞ് എന്നെ

വൃത്തികേടാക്കുന്നല്ലോ.....

ഞാനിതാ എന്റെ കഴിഞ്ഞകാലപ്പാട്ടുകൾ

പാടീടുന്നുവല്ലോ........

ഓർക്കുക നിങ്ങൾ

ഞാനെന്നും നിങ്ങൾക്കാവശ്യം.

# RAIN

**Navaneeth**

Rain, Rain, Rain, Rain
What a wonderful Rain
Like a charging of troops
And it is dropping one by one
On the umbrella,
Comes with a cool breeze
Comes with a giant glittering
And comes with a giant sound
But I like it very much,
I love it very much.
Sometimes on the ground
sometimes on the mount
Beautiful rain is on the way
Got through their own house.
Have you got umbrella.....
Have you got rain coat.....
It was near like a fasting train
Rain is catching trees, catching house,
catching hedges, catching rivers..
My mother say don’t go child.
Day was a rainy day
But I go And plays
At last I catch the fever....
So I Love it, I Like it.
Rain Rain what a wonderful Rain
Some times raining on summer
Some times on winter And
All time on the rainy season.
Rain, Rain a beautiful rain
Like a flower in the garden.
It helps the well for filling

It helps the plant for growing
So it is very nice
Rain Rain Rain Rain
What a wonderful Rain
Rain will impress all’s mind.
So I like it
So I love it
*Rain Rain Rain R..a..i..n..*

**കവിതയിലെ ഒറ്റയാൻ**

ഡോ.സി.പി. ചിത്രഭാനു

സ്വന്തം ഇച്ഛ അനുസരിച്ച് നരസിംഹരൂപംധരിച മഹാവിഷ്ണുവിന്റെ നീർമല കാന്തിയാൽ ചന്ദ്രനെ തളർത്തുന്ന ശരണാഗതരുടെ ദുഃഖമകറ്റുന്ന നഖങ്ങൾ നിങ്ങളെ രക്ഷിക്കട്ടെ" എന്ന പ്രർത്ഥനയോടെയാണ് പൗരസ്ഥ സാഹിത്യ സിദ്ധാന്തങ്ങളെ കുറിച്ചുള്ള ചിന്തിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ആനന്ദവർദ്ധന്റെ 'ധ്വന്യാലോകം' ആരംഭിക്കുന്നത് മറ്റനേകം ഇഷ്ടദേവതകളും ദേവന്മാരും ഉണ്ടായിരുന്നിട്ടും എന്തുകൊണ്ടായിരിക്കാം അദ്ദേഹം നരസിംഹത്തിന്റെ നഖത്തെസ്തുതിച്ച് കാവ്യത്തിലേക്ക് പ്രവേശിച്ചത് ? ആകൃതികൊണ്ട് ചന്ദ്രക്കലയ്ക്ക സമാനമാണെങ്കിലും, ചന്ദ്രനില്ലാത്ത ആർത്തിനാശനശക്തിക്കാണ് അദ്ദേഹം ഊന്നൽ നല്കുന്നതും. കാവ്യാനുശീലനത്തിന്റെ കാർക്കശ്യത്തെയാണ് ഇവിടെസൂചിപ്പിക്കുന്നത്. പാരമ്പര്യത്തിന്റെ കരുതലും കരുത്തും കാവ്യാധ്വാവിൽ സഞ്ചരിക്കുന്നവർക്ക്കൂടെയുണ്ടാ
കണമെന്നാണ് ഇവരുടെ ആഗ്രഹം. അശിക്ഷിത പടുക്കളെപോലും ഇതു രക്ഷിക്കുമെന്നാണ് ഇക്കൂട്ടരുടെ പ്രതീക്ഷ. അനേകം തലമുറകളിലൂടെ ഈ ആശയം കലാകാരനു കൈമാറിക്കിട്ടി. ദ്രാവിഡദേശത്തിലെ കവികളും ഇതേ ചിന്തയെ പിന് പറ്റി സ്വയം സുരക്ഷിതരാണെന്നു കരുതിപ്പോന്നു. എന്നാൽ ആ നഖങ്ങള് ക്കുപോലും രക്ഷിക്കാൻ കഴിയുന്നതല്ല ആധുനികകാലത്തി
ന്റെ നീറും വ്യഥകളെന്ന് ഇരുപതാംനൂറ്റാണ്ടിന്റെ ഇരുപക
തികളിലായി ജനിച്ചുജീവിച്ച ചില കവികള് തിരിച്ചറിഞ്ഞു.
പാരമ്പര്യത്തിന്റെ ഈ കടുംപിടുത്തത്തിൽനിന്ന് രക്ഷപ്പെട്ടാൽ മാത്രമേ തന്റെ കാലത്തിനോടും പുതിയ

## സംഗീതസദ്യ

**ദേവവനന്ദ**

സ്വരരാഗ സംഗീത സദ്യയൊരുക്കി,
സംഗീത സാഗരം ഉണരുകയായ്.....!
കളകളനോതി ഇണങ്ങി വരുന്നൊരു ,
സംഗീത സാഗരം ഉണരുകയായ്.....!
സലിലസമൃദ്ധമായ് ഇളകി വരുന്നൊരു,
സംഗീത സാഗരം ഉണരുകയായ്.....!
അനവധി നിരവധി മധുസമൃദ്ധമാം
സംഗീത സാഗരം ഉണരുകയായ്.....!
അരികിലെ ഉന്മാദതിരയുടെ ഗീതംട
അതയപൂർവ്വമായ്  കേൾവികളൊക്കെ....!
മധുരമാം സംഗീത തിരകളിലൊഴുകുന്ന,
കടലേളം ഞാനില്ല പാടാൻ.. പാടാൻ !
സ്വരരാഗ സംഗീത  സദ്യയൊരുക്കി ,
സംഗീത സാഗരം ഉണരുകയായ്.....!
മധുര സംഗീത മൂലമായ് പാടിയ,
മൃദുല മനോഹരി നീയോ...!
സംഗീത സാഗരം ഉണരുകയായ്.....!
സ്വരരാഗ സംഗീത  സദ്യയൊരുക്കി ,
സംഗീത സാഗരം ഉണരുകയായ്.....!
കളകളനോതി ഇണങ്ങി വരുന്നൊരു ,
സംഗീത സാഗരം ഉണരുകയായ്.....!

3

# പൊതുവിജ്ഞാനം

1.സ്കൂളിൽ പോകാനുള്ള കുഞ്ഞുങ്ങളുടെ ഭയത്തിന് പറയുന്ന പേരെന്ത്?

2.തിരുവിതാംകൂർ സർവകലാശാല 1957-ൽ കേരളസർവകലാശാലയായപ്പോൾ ആദ്യ വൈസ്ചാൻസലർ ആയതാര്?ലോകാരോഗ്യസംഘടനയുടെ പ്രസിഡന്റായിരുന്ന ഏക ഭാരതീയ വനിതയാര്?

3.ഇന്ത്യയുടെ ആദ്യ ജലമ്യൂസിയം സ്ഥാപിതമായതെവിടെ?

4.ഭൂമിയുടെ കാന്തിക ശക്തികൊണ്ട് വഴിയറിഞ്ഞുസഞ്ചരിക്കാൻ കഴിയുന്ന ജീവിയേതാണ്?

5.തോമസ് കപ്പ് ഏത് കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?

6.മഹാത്മഗാന്ധി വധക്കേസിൽ ശിക്ഷ വിധിച്ച ജസ്റ്റിസ് ആരാണ്?

7.അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ രൂപകല്പ്പന ചെയ്ത ആർക്കിടെക്ട് ആര് ?

8.നാഷണൽ ബുക്ക് സ്റ്റാളിന്റെ ആസ്സ്ഥാനമെവിടെ?

9.ഐക്യരാഷ്ട്ര സഭയിൽ അംഗത്വമില്ലാത്ത ഏഷ്യൻ രാജ്യ മേത്?

10.പതിനേഴാം നൂറ്റാണ്ടിൽ ഭാരതത്തിൽ പണകഴിപ്പിച്ചജോതിശാസ്ത്ര നിരീക്ഷണാലയമേത്?

11.പല്ലികളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്ര ശാഖയേത്

12.ഒരു രാടത്തിന്റെ ഔദ്യോദിക പദവികളൊന്നും വഹിക്കാത്തല ഒരു വ്യക്തിയുടെ നിത്യാണത്തിൽ അനുശോചിക്കാൻ ഐക്യരാഷ്ട്രസഭ ചരിത്രത്തിലാധ്യമായി പതാക പകുതി ത്ത്ഴ്ത്തിക്കെട്ടിയതെപ്പോൾ ?

13.മൈക്കിൾ ജോർദാൻ ഏത് കായിക ഇനവുമായി ബന്ധപ്പെട്ട് ഇരിക്കുന്നു?

14.എറ്റവും ദീർഘകാലം മുട്ടക്ക് അടയിരിക്കു പക്ഷിയേത്?

15.അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ കേരളത്തിലെവിടെയാണ്?

16.നിലവിൽ പ്രവർത്തവനരഹിതമായിരുന്ന യു.എൻ.സമിതിയേത്?

*17.ഗ്രീൻപീസ് എന്ന ലോകപ്രശസ്ത പരിസ്ഥിതി സംഘടനയുടെ ആസ്ഥാനം എവിടെയാണ്*

## ഉത്തരം:

*1.ഡൈഡാസ് കലാനോഫോബിയ*

*2.ഡോ.ജോൺ മത്തായി*

*3. രാജ് കുമാരി അമൃത് കൗർ*

*4. കുന്ദമംഗലം*

*5. ഒച്ച്*

*6. ബാഡ്മിന്റൺ*

*7. ആത്മചരൺ അഗർവാൾ*

*8. മിനോരു യമസാഖി*

*9. കോട്ടയം*

*10. മംഗോളിയ*

*11. ജന്ദർ മന്ദർ*

*12. സോറോളജി*

*13. മഹാത്മാഗാന്ധിയുടെ*

*14. ബാസ്കറ്റ് ബോൾ*

*15. ബണ്ടറിങ്ങ് ആൽബട്രോസ്*

*16. ചാലക്കുടി*

*17. ട്രസ്റ്റീഷിപ്പ് കൗൺസിൽ*

# ഒരു നിഘണ്ടുവിന്റെ പിറവി

വൈശാഖ്.പി.ടി.കെ

കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി മലയാളികളുടെ വൈജ്ഞാനിക ലോകസഞ്ചാരത്തെ സഹായിച്ച ശബ്ദകോശങ്ങളിലൊന്നാണ് സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ കൺസൈസ് ബുക്സ്റ്റാളിന്റെ ഇംഗ്ലീഷ്-മലയാളം നിഘണ്ടു. പ്രകാശിക്കപ്പെട്ട 1971 മുതൽ
പിന്നീട് ഒരു കാൽനൂറ്റാണ്ടുകാലം വർഷം തോറും ഈ നിഘണ്ടുവിനു പുതിയ പതിപ്പുകൾ ഉണ്ടായിക്കൊണ്ടിരുന്നു.

യാദൃച്ഛികമായാണ് ഈ നിഘണ്ടുനിർമ്മാണവുമായി അച്ഛൻ (എസ്.ഗുപ്തൻനായർ) ബന്ധപ്പെടുന്നത്. നാഷണൽ ബുക്സ്റ്റാളിന്റെ ഉടമസ്ഥരായ സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ അന്നത്തെ സെക്രട്ടറി,ഡി.സി.കിഴക്കെമുറി ആയിരുന്നു. എം.കെ മാധവൻനായർ പബ്ലിക്കേഷൻ മാനേജരും. വളരെയധികം പ്രചരണത്തോടെയാണ് സി.മാധവൻപിള്ളയുടെ ഇംഗ്ലീഷ്-മലയാളം നിഘണ്ടു എസ്.പി.സി.എസ് നേരത്തെ പ്രസിദ്ധീകരിച്ചത്. വലിപ്പംകൊണ്ടുതന്നെ മലയാളികളെ അമ്പരിപ്പിച്ച ഒരു നിഘണ്ടു.

നിഘണ്ടുവിന്റെ ഒരു കോപ്പി എസ്.ഗുപ്തൻനായരും പ്രീപബ്ലിക്കേസൻ വ്യവസ്ഥയിൽ വിലയ്ക്കുവാങ്ങി. പദങ്ങളുടെ പ്രാചീനാർത്ഥങ്ങൾ വിശദമാക്കിയശേഷം നിലവിലുള്ള അർത്ഥങ്ങളിലേയ്ക്കു കടക്കുന്ന സി.മാധവൻപ്പിള്ളയുടെ സമ്പ്രദായം, സാധാരണക്കാരെ പരിഭ്രമിപ്പിക്കും എന്നായിരുന്നു സി.ഗുപ്തൻനായരുടെ വിമർശനം. അഡ്വാൻസ് ലേണേഴ്സ് ഡിക്ഷണറിയുടെ മാതൃകയിൽ ഒരു ഇംഗ്ലീഷ്-മലയാളം നിഘണ്ടുവാണ് കേരളത്തിനുവേണ്ടതെന്ന് കാണിച്ചുകൊണ്ട് ഡി.സി.കിഴക്കേമുറിക്ക് എസ്.ഗുപ്തൻനായർ ഒരു കത്തയച്ചു. ഒരു വ്യാഴവട്ടത്തിലേറെക്കാലം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ മലയാളം എം.എ.വിദ്യാർത്ഥികൾക്കു ഭാഷാശാസ്ത്രം ഇംഗ്ലീഷിൽ പഠിപ്പിച്ചിരുന്ന മലയാളം അദ്ധ്യാപകൻ എന്ന പ്രശസ്തി എസ്.ഗുപ്തൻനായർക്കുണ്ടായിരുന്നു. പ്രശസ്തഭാശഷാപണ്ഡിതനായിരുന്ന ഡോ.കെ.ഗോദവർമ്മയായിരുന്നു ഭാഷാശാസ്ത്രദ്ധ്യാപനത്തിൽ എസ്.ഗുപതൻനായരുടെ മുൻഗാമി. ഭാഷാശാസ്ത്രം

അന്ന് ഇംഗ്ലീഷിലായിരുന്നു പഠിക്കേണ്ടത്.മലയാളം എം.എ. വിദ്യാർത്ഥികൾ ഭാഷാശാസ്ത്രം മലയാളത്തിൽ എഴുതിത്തുടങ്ങിയത് 1971-നു ശേഷമായിരുന്നു.

## ഒടുക്കമില്ലാത്ത നിലവിളികൾ

**നേഹ.പി.എസ്**

**ആ മുത്തശ്ശിമാവ് ചുറ്റും നോക്കി.അവിടവിടെയായി കുറച്ച് മരങ്ങൾമാത്രം.നീലിപ്പുഴയിലെ മീനുകൾ മരണവെപ്രാളത്താൽ പിടയുന്നു.മുത്തശ്ശൻമാവ് ഇന്നലെയാണ് കൊല്ലപ്പെട്ടത്.ആ മരത്തടിയിൽനിന്നും ഇപ്പോഴും ചോരത്തുള്ളികൾ ഇറ്റിറ്റുവീഴുന്നുണ്ട്.**

**അവൾ ഓർത്തു...കിങ്ങിണിക്കാട് എന്തു സുന്ദരമായിരുന്നു.**

**എങ്ങും പച്ചക്കുടയേന്തിനിൽക്കുന്ന വൃക്ഷങ്ങൾ..അവയ്ക്കിടയിലൂടെ സൂര്യകിരണങ്ങൾ ഒളിഞ്ഞുനോക്കും.പച്ചപ്പുല്ലുകൾ തിന്നാനെത്തുന്ന മാൻക്കിടാങ്ങൾക്കുമാത്രമല്ല മുയലുകൾക്കും കുനനുറുമ്പുകൾക്കും കുറുമ്പനാനയ്ക്കും വരെ സിംഹരാജാവിനെ ഭയമാണ്.**

**കളകളാരവത്തോടെ ശാന്തമായി ഒഴുകുന്ന നീലിപ്പുഴവക്കത്താണ് മുത്തശ്ശൻമാവിന്റെയും മുത്തശ്ശിമാവിന്റെയും നിൽപ്.മധുരമൂറുന്ന മാമ്പഴങ്ങൾ**

**തിന്നുവാൻ മാവിൻമുകളിൽ എന്നും ബഹളമാണ്.**

**അണ്ണാരക്കണ്ണന്മാർക്കും കലപിലകൂട്ടുന്ന പക്ഷികൾക്കുമെല്ലാം മാങ്ങകൾ വേണം.**

**മരിച്ചുകിടക്കുന്ന മുത്തശ്ശൻമാവിനെ ഹൃദയവേദനയാൽ അവൾ ഒന്നുകൂടി നോക്കി.തന്റെ പ്രിയപ്പെട്ടവൻ...**

**അവളുടെ കണ്ണുനീരുകൾ തീജ്വാലമായിമാറി.**

**സുന്ദരമായിരുന്ന കിങ്ങിണിക്കാട് മരിച്ചു കൊണ്ടിരിക്കുന്നു.അല്ല. കൊല്ലുകയാണ് മനുഷ്യൻ. ഇന്ന് മുത്തശ്ശിമാവിന്റെ ഊഴമാണ്.രണ്ടുമൂന്നു മനുഷ്യർ കോടാലിയുമേന്തി അവൾക്കരികിലെത്തി.തന്റെ ചില്ലക്കൈകൾ ഓരോന്നായി വെട്ടിയരിയുമ്പോഴും അവൾ അലറിപ്പറഞ്ഞുകൊണ്ടിരുന്നു...ക്രൂരരായ മനുഷ്യരേ,ഇന്നു നിങ്ങൾ എന്നെ നശിപ്പിക്കുന്നു.ഈകാടിനെനശിപ്പിക്കുന്നു.**

**ഹരിതഭൂമിയെ മരുഭൂമിയാക്കുന്നു.നാളെ നിങ്ങളുടെയും നാശമാണ്.നാശം നിങ്ങളെയും തേടിയെത്തും.നാലെ നിങ്ങളുമില്ല.....**

**ഈ അലർച്ച കേട്ടവരെപ്പോലെ കോടാലിയും കരഞ്ഞുതുടങ്ങി.അവലും നിലവിളിച്ചു....എല്ലാത്തിന്റെയും നാശം...എല്ലാമെല്ലാം അവസാനിക്കുവാൻ** പോകുന്നു.....

## കേരളം അതിജീവനത്തിന്റെ പാതയിൽ

**ശ്രീനന്ദ.വി.പി**

കേരളം ഇനിയുമൊരു പ്രകൃതി ദുരന്തത്തെ അപിജീവിക്കണമെങ്കിൽ എന്തുചെയ്യും എന്ന ചോദ്യം ജീവിക്കാൻ ആഗ്രഹമുള്ളവരുടെ ഉള്ളിൽ ഉണ്ട്.പ്രകൃതി ദുരന്തങ്ങൾ കാരണം ജീവൻ നഷ്ടമായവരേക്കാൾ എത്ര പരിതാപകരമാണ് ഇതു കാരണം നേടിയതൊക്കെ ജീവൻ ഒഴികെ നഷ്ടപ്പെട്ടവർക്ക്.പാർപ്പിടം പോലും നഷ്ടപ്പെട്ട് ഇനി എങ്ങോട്ട് എന്നറിയാതെ വിഷമിക്കുന്നവരുടെ കാര്യം വളരെയധികം കഷ്ടമാണ്.നമ്മൾ എല്ലാവരും ഈ പ്രളയത്തിന് കാരണക്കാരല്ല.ചെറിയൊരു ശതമാനം ആളുകൾ കാട്ടുന്ന പ്രകൃതിയോടുള്ള ക്രൂരതയ്ക്ക് ഉത്തരം പറയേണ്ടിവരുന്നത് ഇതൊന്നുമറിയാത്ത നിരപരാധികൾ ഈ ഒരുസന്ദർഭത്തെ നമ്മൾ എങ്ങനെയാണ് വിശദീകരിക്കുക എന്നറിയില്ല.എങ്കിലും ചില നല്ല ആളുകൾ ഇതുപോലെ നഷ്ടപ്പെട്ടവരെ സാന്ത്വനിപ്പിക്കുന്ന കാഴ്ച്ച ആശ്വാസം പകരുന്നു.നമ്മുടെ പട്ടാളക്കാരും മറ്റ് സന്നദ്ധരായ ജീവനക്കാരും മത്സ്യത്തൊഴിലാളികളും നടത്തിയ ധീരമായ രക്ഷാദൗത്യവും വളരെ നല്ല കാര്യങ്ങളായി എടുത്തുപറയാതിരിക്കുവാൻ ഒരു കേരളീയനും സാധിക്കില്ല

പണ്ടുകാലത്ത് ഇതിലും മഴ ഉണ്ടായ വർഷങ്ങൾ എന്തുകൊണ്ട് പ്രളയമായില്ല എന്ന ഒരു ചോദ്യം നമുക്കു മുന്നിലുണ്ട്.ഉത്തരം വളരെ ലളിതമാണ്.പണ്ടത്തെ കാലത്ത് നമ്മുടെകേരളത്തിൽ ഭൂരിഭാഗവും വയലുകൾ ആയിരുന്നു.ഇവ വെള്ളം വലിച്ചെടുക്കുമായിരുന്നു.എന്നാൽ ഇന്ന് ഈ പറഞ്ഞ വയലുകൾ നികത്തി പറമ്പുകളാക്കി വിൽപ്പന നടത്തുന്നു.ലോകത്തെ മലിനീകരണത്തിന്റെ ഫലം ഏറ്റവും കൂടുതൽ ബാധിക്കുന്നത് തീരപ്രദേശങ്ങളെ യാണെന്ന വസ്തുതയും നമ്മുടെ ദുരന്തങ്ങളുടെ ആക്കം കൂട്ടുന്നു.മരം വെട്ടി നശിപ്പിക്കുന്നത് ഉരുൾപ്പൊട്ടലിന്റെ പ്രധാന കാരണം ആകുന്നു.ഇങ്ങനെ നാം ചൂഷണം ചെയ്യുന്ന പ്രകൃതിയിലെ വിഭവങ്ങളുടെ കണക്ക് എടുത്താൽ അത് തീരില്ല.അത്രമേൽ നാം ചൂഷണം ചെയ്യുന്നുണ്ട് നമ്മുടെ പ്രകൃതി എന്ന അമ്മയെ.

നാം ഇപ്പോൾ അതിജീവനത്തിന്റെ പാതയിലാണ്.ഈ പ്രകൃതി ദുരന്തങ്ങളിൽ നിന്ന് കരകയറാനുള്ള ശ്രമത്തിൽ.ഏതൊരു പ്രവർത്തനത്തിനും തുല്യമായ ഒരു പ്രതിപ്രവർത്തനം ഉണ്ടാകും എന്നത് ന്യൂട്ടന്റെ മൂന്നാം ചലനനിയമമായി പറയുന്നു.ഇതുപോലെ നാം വിതയ്ക്കുന്ന പ്രകൃതിയിലെ നാശത്തിന്

**കിട്ടുന്ന തിരിച്ചടികളാണ് ഈ പ്രകൃതി ദുരന്തങ്ങൾ.അതിനാൽ നാം നമ്മെ നിയന്ത്രിക്കുന്നതാണ് പ്രകൃതിക്ഷോഭങ്ങളെ നിയന്ത്രിക്കാനുള്ള ഏറ്റവും നല്ല മാർഗം.അതുകൊണ്ടുതന്നെ നമുക്ക് കൂട്ടമായി പ്രകൃതിദുരന്തങ്ങളെ മാറ്റാം.നല്ലൊരു നാളേക്കായി ഈ നാടിനെ തയ്യാറാക്കാം.നമ്മുടെ നാടിനെ ഏറ്റവും മികച്ചതാക്കി മാറ്റാം.അങ്ങനെ കേരളത്തെ വീണ്ടും ദൈവത്തിന്റെ സ്വന്തം നാടെന്ന പദവിയിലേക്ക് നമുക്ക് കൈപിടിച്ചുകയറ്റാം.**